**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4286** **09-08-2021 - ൽ മറുപടിയ്ക്ക്**

**അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക പ്രത്യേക എംപ്ലോയ് മെന്റ് എക്സ്ചേഞ്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 01.11.2016-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 174/2016/തൊഴിൽ പ്രകാരം സംസ്ഥാനത്തെ അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് വേണ്ടിയുള്ള പ്രത്യേക എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് വഴി (തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട്) എന്നീ ഓഫീസുകൾ മുഖേന കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് ഏതെല്ലാം വിഷയങ്ങളിൽ വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതു കൊണ്ട് എത്ര ഉദ്യോഗാർത്ഥികൾക്ക് പ്രയോജനം ഉണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പ്രയോജനങ്ങൾ ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഉദ്യോഗാർത്ഥികളുടെ വൈകല്യം, യോഗ്യതകൾ, താത്പര്യം, കഴിവ്, മനോഭാവം എന്നിവ പരിഗണിച്ച് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കുവാൻ ഏതെല്ലാം ഓഫീസുകളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (സി) | വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളെയും, കൈവല്യ ഘടക പദ്ധതികളിൽ പങ്കെടുക്കാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളെയും, ഉൾക്കൊള്ളിച്ചു കൊണ്ട് 200 പേരുടെ ഡാറ്റാ ബാങ്ക് നെയ്യാറ്റിൻകര ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തയ്യാറാക്കിയിട്ടുണ്ട്. കൊല്ലം, എറണാകുളം ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികളുടെ കഴിവ്, മനോഭാവം എന്നിവ പരിഗണിച്ചുകൊണ്ടുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | അവബോധം നൽകിയ വിഷയങ്ങൾ | പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ എണ്ണം | പ്രയോജനം ലഭിച്ചവർ | ലഭിച്ച പ്രയോജനങ്ങൾ |
|---|---|---|---|---|---|
| 1 | നെയ്യാറ്റിൻകര | കരിയർ ഗൈഡൻസ്, രക്ഷാകർതൃ ശാക്തീകരണം, കരിയർ സെമിനാർ, ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ | 243 | 45 | തുടർ വിദ്യാഭ്യാസം സംബന്ധിച്ച കോഴ്സുകൾ, തൊഴിലവസരങ്ങൾ എന്നിവയെക്കുറിച്ച് പ്രാഥമിക അറിവ് ലഭിച്ചു |
| 2 | തിരുവനന്തപുരം | എസ്.എസ്.എൽ.സി, പ്ലസ് ടു എന്നിവയ്ക്ക് ശേഷമുള്ള വിവിധ കോഴ്സുകൾ. പി.എസ്.സി, യു.പി.എസ്.സി, എസ്.എസ്.സി മുതലായ ഏജൻസികൾ നടത്തുന്ന മത്സരപരീക്ഷകൾ | 681 | 681 | |
| 3 | കൊല്ലം | തുടർവിദ്യാഭ്യാസം, തൊഴിലവസരങ്ങൾ | 448 | 448 | |
| 4 | കോട്ടയം | ഉന്നത വിദ്യാഭ്യാസം, ജോലി സാദ്ധ്യതകൾ, സ്വയം തൊഴിൽ സാദ്ധ്യതകൾ | 263 | 263 | |
| 5 | എറണാകുളം | ഉപരിപഠന സാധ്യതകളും, ജോലി സാധ്യതകളും, കേന്ദ്ര-കേരള സർക്കാരുകൾ ഭിന്ന ശേഷിക്കാർക്കായി വിവിധ വകുപ്പുകൾ വഴി നൽകുന്ന സേവനങ്ങൾ, ഭിന്നശേഷിക്കാർക്കായുള്ള വിവിധ പദ്ധതികൾ | 2180 | 2180 | |
| 6 | കോഴിക്കോട് | മോട്ടിവേഷൻ ആന്റ് കരിയർ ഗൈഡൻസ്, സ്വയം തൊഴിൽ ബോധവത്കരണ ക്ലാസ്, രജിസ്ട്രേഷൻ/ ബോധവത്കരണ ക്ലാസ്, മത്സരപരീക്ഷാ പരിശീലനം | 616 | 80 | |

Kavitha.T

**സെക്ഷൻ ഓഫീസർ**